7177

ഭരണഭാഷ - മാതൃഭാഷ

നം.എച്ച്5/35190/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 22/10/2019.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. കമ്മീഷന്റെ 3/8/2019 ലെ ഉത്തരവ് നമ്പർ CRMP No. 5765/09/C2/2017/KeSCPCR

****

സൂചനയിലെ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കേരള വിദ്യാഭ്യാസ ചട്ടം 1959, അദ്ധ്യായം IV, ചട്ടം 17 (1) അനുശാസിക്കും പ്രകാരം സർക്കാർ അംഗീകൃതമോ അല്ലെങ്കിൽ സർക്കാരിൽ നിന്നും ഗ്രാന്റ് സ്വീകരിക്കുന്നതോ ആയ യാതൊരു വിദ്യാലയവും ആ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടിയെ രക്ഷിതാവിന്റെ സമ്മതമില്ലാതെ, വിദ്യാലയത്തിൽ നടക്കുന്ന മതാദ്ധ്യാപനത്തിൽ പങ്കെടുക്കാനോ അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പരിസരത്തോ നടക്കുന്ന ഏതെങ്കിലും തരത്തിലുള്ള ആരാധനകളിൽ പങ്കെടുക്കാനോ നിർബന്ധിക്കാൻ പാടില്ല.

ഈ വ്യവസ്ഥ, ബഹു. കമ്മീഷന്റെ 3/8/2019 ലെ ഉത്തരവിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു. ആയതിനാൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഈ ഉത്തരവ് പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

എസ്.ആർ